# SSLC Revision Test Series

KP
Std. 10

## Malayalam Paper I

(Chap. 1 to 5)

Time : 45 Mnts
Score : 20

### Type - A

നിർദ്ദേശങ്ങൾ

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ.
- സമയം, സ്കോർ എന്നിവ പരിഗണിച്ച് ഉത്തരം എഴുതണം.

**ചോദ്യം 1 മുതൽ 2 വരെ 1 സ്കോർ വീതം.**

1. ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്
നില്ക്കുമോ യൗവനവും പുനരധ്രുവം - 'അധ്രുവം' എന്ന പദത്തിന്റെ അർത്ഥമായി വരുന്ന പദമേത്?

a. മിന്നൽ
b. അസ്ഥിരം
c. ദ്രവിക്കാത്തത്
d. ദ്രവിക്കുന്നത്

2. മൺമയിൽ - എന്നതിന്റെ വിഗ്രഹരൂപമേത്?

a. മണ്ണും മയിലും
b. മണ്ണിന്റെ മയിൽ
c. മയിൽ രൂപമുള്ള മണ്ണ്
d. മണ്ണുകൊണ്ട് ഉണ്ടാക്കിയ മയിൽ

**ചോദ്യം 3 മുതൽ 4 വരെ 2 സ്കോർ വീതം.**

3. വൃദ്ധയും വല്ലാതെ പരുങ്ങിപ്പോയി സ്ഥലകാലങ്ങളോട് പൊരുത്തപ്പെടാത്ത ഈ അതിഥി ആരാണ്? അടിവരയിട്ട ഭാഗം നൽകുന്ന രണ്ട് സൂചനകൾ കണ്ടെത്തിക്കുറിക്കുക.

4. കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽവേണ്ട സഖീ! കേണിടേണ്ടകേൾ- വരികളിലെ കാവ്യപരമായ ഏതെങ്കിലും രണ്ട് സവിശേഷതകൾ കണ്ടെത്തിയെഴുതുക?

**ചോദ്യം 5 മുതൽ 6 വരെ 4 സ്കോർ വീതം.**

5. "അകത്തുകടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടുകൂടി അനങ്ങാതെ വിരൽത്തുമ്പ് കൊണ്ട് അയാൾ വാതിലുന്തി." - ഴാങ് വാൽഴാങ്ങിന്റെ മാനസികാവസ്ഥ ചിത്രീകരിക്കാൻ ഈ പ്രയോഗത്തിന് എത്രമാത്രം കഴിയുന്നുണ്ട്. വിശദമാക്കുക?

6. "നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നത്
മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പോഴും
എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും......"
- 'ലക്ഷ്മണസാന്ത്വന'ത്തിലെ 'തത്ത്വ'മെന്തായിരിക്കാം. നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

7. "ഉപമകാളിദാസസ്യ
തത്രശാകുന്തളം വരം" - മലയാള ശാകുന്തളത്തിലെ "ഋതുയോഗം" നാടകഭാഗത്തിൽ നിന്നും കാളിദാസന്റെ ഉപമാലങ്കാരത്തിന്റെ സന്ദർഭങ്ങൾ കണ്ടെത്തി ഉപന്യസിക്കുക. (6)

## Type - B

**ചോദ്യം 1 മുതൽ 2 വരെ 1 സ്കോർ വീതം.**

1. 'ചെറുപാമ്പ്' ചന്ദനമരത്തിലെന്നപോൽ- 'ചെറുപാമ്പ്' എന്ന വിശേഷണം ഏത് കഥാപാത്രവുമായി ബന്ധപ്പെട്ടതാണ്?
   a. ലക്ഷ്മണൻ  b. കണ്ടുണ്ണി
   c. സർവദമനൻ  d. ദുഷ്ഷന്തൻ
2. "എന്നെ വിടാൻ പോകുന്നു എന്നുള്ളത് വാസ്തവം തന്നെയോ? വരികളിൽ തെളിയുന്ന ഭാവം?
   a. ഭയം  b. അത്ഭുതം
   c. പരിഹാസം  d. സ്നേഹം

**ചോദ്യം 3 മുതൽ 4 വരെ 2 സ്കോർ വീതം.**

3. ............. ഭവാനു പണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!
   - നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന്റെ പശ്ചാത്തലം എന്ത്? കണ്ടെത്തിക്കുറിക്കുക?
4. " ഒരു സത്യവാൻ ആയിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ..... ഒരിക്കലും മറന്നു പോകരുതേ". മൊത്രാന്റെ വാക്കുകളിൽ തെളിയുന്ന രണ്ടു സൂചനകൾ എഴുതുക?

**ചോദ്യം 5 മുതൽ 6 വരെ 4 സ്കോർ വീതം.**

5. 'ക്രോധം പരിത്യജിക്കേണം ബുധജനം" - ക്രോധം കൊണ്ടുള്ള എന്തെല്ലാം അനർത്ഥങ്ങളാണ് എഴുത്തച്ഛൻ ചൂണ്ടിക്കാണിക്കുന്നത്?
6. 'രാഹുവിനെ വിട്ടുചന്ദ്രൻ - (ഋതുയോഗം)
   രോഹിണിയോടൊത്തു ചേർന്നു ഭാഗ്യവശാൽ' - വരികളിലെ സാദൃശ്യ കല്പനകൾ കണ്ടെത്തി എഴുതുക.
7. 'സ്വീകരണമുറിയിലും ക്ലബ്ബുകളിലും നാടകശാലകളിലും പറന്നു നടക്കുന്ന ഉന്മേഷ ഭരിതയായ ഈ 'ലേഡി'യെ കണ്ടാൽ ഒന്നു പ്രസവിച്ചതാണെന്നു പോലും ആരും പറയുകയില്ല."
   "സുധീറിന് രുചിക്കില്ലായിരിക്കും. ഞാൻ തനിച്ചു പാകം ചെയ്തതാണ്. നിവേദ്യത്തിന്റെ അപ്പവും മലരും.... വേലക്കാരി പുറത്തുപോയിരിക്കുന്നു."
   - സ്ത്രീത്വത്തിന്റെ രണ്ടു മുഖങ്ങളാണ് 'വിശ്വരൂപം' എന്ന കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. സമർത്ഥിക്കുക. (6)